**22U235** (Pages: 2) Name: ………..………………

Reg. No: ……………………

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2023**

(CBCSS – UG)

(Regular/Supplementary/Improvement)

**CC19U MAL2 A08(2) – മലയാള സാഹിത്യപഠനം – II**

(Malayalam – Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

## Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.

1. 'മഴവിന്റെ കഥ 'യിൽ പരാമർശിതമാകുന്ന പുരാണ സന്ദർഭം ഏത്?
2. "മാതൃഭാഷയ്ക്കിഹ ദാസ്യം നടത്തായ്കിൽ ആധിപത്യത്തിനർഹർ നിങ്ങൾ."–കവിത ഏത്? ഈ വരികളുടെ അർത്ഥമെന്ത്?
3. "തിന്മയെ തകർക്കുവാനല്ലെങ്കിൽ, കരാളമീവെണ്മഴുവെനിക്കേകിയെന്തിനീ സദാശിവൻ." – വക്താവാര്? വിവക്ഷിതമെന്ത്?
4. വരും വർഷം ആരെന്നും എന്തെന്നും ആർക്കറിയാം എന്ന് എൻ. എൻ. കക്കാട് സൂചിപ്പിക്കാനുള്ള കാരണമെന്ത്?
5. കൈരളിയെ പാടവഹീനയെന്ന് പറയാൻ കഴിയാത്തത് എന്തുകൊണ്ട്?
6. വനത്തിലെത്തിയ ദുഷ്യന്തൻ മാഷ് കണ്ട കാഴ്ച്ച എന്തായിരുന്നു ?
7. 'പാരിന്റെ നന്മയ്ക്കത്രെ പാഴ്വൻപ് കാട്ടാനല്ലീ – യാരണ്യപിതാക്കൾ തന്നാത്മീയധനം കുഞ്ഞേ !'–ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?
8. സിസ്റ്റർ ഫ്ലോറയുടെ സമാധാനം നഷ്ടപ്പെട്ടത് എന്തുകൊണ്ടാണ്?
9. ദുഷ്യന്തൻ മാഷിന്റെ രാജ്യാതിർത്തി എങ്ങനെയായിരുന്നു ?
10. രാവണനെക്കുറിച്ചുള്ള ശൂർപ്പണഖയുടെ ചിന്തകൾ എപ്രകാരമായിരുന്നു ?
11. സി. എൻ. ശ്രീകണ്ഠൻനായരുടെ നാടകത്രയങ്ങൾ ഏവ ?
12. "ഒന്നിലും ആസക്തി പാടില്ല ,കമലേ "–ആര് ആരോട് പറയുന്നതാണിത്?
13. "മരണങ്ങളുടെ തമാശയിൽ ഹരം കണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിന് മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്ത വിധം കാറോടിച്ചു ."–ആര്? സന്ദർഭം ഏത്?
14. 'ഒരു സിന്ദൂരപൊട്ടിന്റെ ഓർമ്മക്ക്' എന്ന ശീർഷകത്തിന്റെ പ്രാധാന്യം എന്ത്?
15. 'സപത്നിയുടെ പുത്രൻ നാടുവാഴണമെന്ന പള്ളിക്കെട്ടുടമ്പടി ഒരു രാജപത്നിയും മറക്കുകയില്ല .'–ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

**(Ceiling: 25 Marks)**

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം .

16. 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ 'രാഷ്ട്രീയലേഖനമാകുന്നത് എങ്ങനെയാണ്?

17. 'ഷാരോണിലെ റോസാപ്പൂക്കളിൽ '–പരാമർശിതമാകുന്ന സംഭവമെന്ത്?

18. എസ്. ഹരീഷിന്റെ സാമൂഹ്യവിമർശനശൈലി'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ '–എന്ന കഥയിൽ പ്രകടമാകുന്നതെങ്ങനെ ?

19. ധാർമ്മികമൂല്യങ്ങളുടെ ച്യുതിയാണ് 'ബംഗ്ലാവ്' എന്ന കഥ. വ്യക്തമാക്കുക.

20. സ്വഭാഷയുടെ മഹത്വവും ചാരുതയും ഉത്ബോധിപ്പിച്ച് ഭാഷയെ വളർത്തുവാൻ ആഹ്വാനം ചെയ്യുന്ന കവിതയാണ് 'എന്റെ ഭാഷ'. വിശദമാക്കുക.

21. 'തുച്ഛമാം പകപോക്കാൻ യോഗികളീട്ടും കൂട്ടി –
വെച്ച മാനസശക്തി പാഴാക്കിയല്ലോ കുഞ്ഞേ !' – വിവക്ഷിതമെന്ത്? വ്യക്തമാക്കുക.

22. ദുഷ്യന്തൻ മാഷ് തന്റെ രാജ്യത്ത് നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു ?

23. "അപമാനിതയായ സ്ത്രീയേ ! സാകേതം നിന്റെ കല്പന കാത്തുനിൽക്കുന്നു" – ആരുടെ വാക്കുകളാണിത്? ഈ വാക്കുകളുടെ പൊരുളെന്ത്?

**(Ceiling: 35 Marks)**

## Section C

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 10 മാർക്ക് വീതം

24. ഒരു ദളിത്, സ്ത്രീപക്ഷ രചനയാണ് 'തായ്കുലം'.–ഉപന്യസിക്കുക.

25. 'സാകേതം' എന്ന നാടകത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

26. "പരശുരാമന്റെ പാപഭാരം ചുമക്കുന്നവനാണ് ഓരോ കേരളീയനും "–ഈ നിരീക്ഷണത്തിന്റെ സാംഗത്യം പരിശോധിക്കുക.

27. ജീവിതത്തോട് കവി പുലർത്തുന്ന ശുഭപ്രതീക്ഷകളാണ് 'സഫലമീ യാത്ര 'എന്ന കവിത –ചർച്ചചെയ്യുക.

**(2 × 10 = 20 Marks)**

*******